## പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 2080**

**08.12.2014 -ലെ മറുപടിക്ക്**

### സഫീദയുടെ മരണം സംബന്ധിച്ച കേസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൻ.എ. നെല്ലിക്കുന്ന്** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് അമ്പലത്തറ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട പാറപ്പള്ളിയിൽ 2014 ഒക്ടോബർ 3-ന് സഫീദ എന്ന സ്ത്രീ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര പ്രതികളാണ് കേസ്സിൽ ഉള്ളത്; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; | (എ) സഫീദ എന്ന സ്ത്രീ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് കാസർഗോഡ് അമ്പലത്തറ പോലീസ് സ്റ്റേഷൻ ക്രൈം നം. 413/2014 പ്രകാരം അസ്വാഭാവിക മരണത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികൾ ആരെങ്കിലും ഉള്ളതായി കണ്ടെത്തിയിട്ടില്ല. |
| (ബി) സഫീദയുടേത് ദുരൂഹമരണമാണെന്ന് സംശയിക്കാൻ കാരണമെന്താണ്; പ്രസ്തുത കേസ് ക്രൈംബ്രാഞ്ച് അന്വേഷിക്കണമെന്ന് ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) മേൽപ്പറഞ്ഞ കേസിന്റെ അന്വേഷണത്തിൽ സഫീദയുടെ മരണം ദുരൂഹമാണെന്ന് വെളിവായിട്ടില്ല. കൂടാതെ, തദ്ദേശിയരായ ആക്ഷൻ കമ്മിറ്റി ആവശ്യപ്പെട്ടതു പ്രകാരം ടി കേസ് തുടരന്വേഷണത്തിനായി ജില്ലാ ക്രൈം ബ്രാഞ്ചിന് കൈമാറുവാൻ ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**